നം. സി.ഇ.ഇ./1717/2010/KEAM-2011/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

# ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനം - 2011

കേരളത്തിലെ വിവിധ പ്രൊഫഷണൽ ഡിഗ്രി (മെഡിക്കൽ/എൻജിനീയറിംഗ്) കോഴ്സ് പ്രവേശനത്തോടൊപ്പംതന്നെ ബാച്ചിലർ ഓഫ് ആർക്കിടെക്ച്ചർ (B.Arch.) കോഴ്സ് പ്രവേശനവും നടക്കുന്നതാണ്. എന്നാൽ ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനത്തിന് സംസ്ഥാനതലത്തിൽ പ്രവേശന പരീക്ഷ നടത്തുന്നതല്ല.

5 വർഷം കാലയളവുള്ള ആർക്കിടെക്ച്ചർ ബിരുദ കോഴ്സ് നടത്തുന്ന കേരളത്തിലെ പ്രൊഫഷണൽ കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. കോളേജ് ഓഫ് എൻജിനീയറിംഗ്, ശ്രീകാര്യം, തിരുവനന്തപുരം (സർക്കാർ)
2. ഗവണ്മെന്റ് എൻജിനീയറിംഗ് കോളേജ്, തൃശൂർ (സർക്കാർ)
3. ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം (എയിഡഡ്)
4. എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ്, കുറ്റിപ്പുറം, മലപ്പുറം (സ്വകാര്യ സ്വാശ്രയ കോളേജ്)
5. ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ച്ചർ, ചേലമ്പ്ര, മലപ്പുറം (സ്വകാര്യ സ്വാശ്രയ കോളേജ്)

**അപേക്ഷിക്കേണ്ട വിധം** : കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള അപേക്ഷാ ഫാറത്തിൽത്തന്നെയാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത ഫാറത്തിൽ മെഡിക്കൽ/എൻജിനീയറിംഗ്/ആർക്കിടെക്ച്ചർ എന്നിവയിൽ ഒന്നോ അതിലധികമോ സ്ട്രീമുകൾ മാർക്ക് ചെയ്യാവുന്നതാണ്. ആർക്കിടെക്ച്ചറിന് മാത്രമായി അപേക്ഷിക്കുന്നവർ അത് മാത്രമായി അടയാളപ്പെടുത്തുക. അപേക്ഷാ ഫാറം തെരഞ്ഞെടുത്ത പോസ്റ്റ് ഓഫീസുകളിൽ **14.02.2011** വരെ ലഭിക്കുന്നതാണ്.

സംവരണ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാത്ത/അർഹരല്ലാത്ത വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| **അപേക്ഷാ ഫീസ്** : | **ജനറൽ വിഭാഗം** | - | **700/- രൂപ** |
| | **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം** | - | **350/- രൂപ** |

**കുറിപ്പ് : പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) വരുന്ന അപേക്ഷാർത്ഥികൾക്ക്, അവരുടെ വാർഷിക കുടുംബ വരുമാനം 40,000/- രൂപയിൽ താഴെയാണെങ്കിൽ അപേക്ഷാ ഫാറം സൗജന്യമായിരിക്കും. ഈ ആനുകൂല്യത്തിനായി വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.**

മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്കുപുറമേ ആർക്കിടെക്ച്ചറിനും അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒരു അപേക്ഷാ ഫാറം സമർപ്പിച്ചാൽ മതിയാകും. അപേക്ഷകൾ **14.02.2011** നു വൈകുന്നേരം 5 മണിക്ക് മുമ്പായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

**<u>വിദ്യാഭ്യാസ യോഗ്യത</u>** : ആർക്കിടെക്ച്ചർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ, മാത്തമാറ്റിക്സ് ഒരു വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള സീനിയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യ പരീക്ഷയോ ജയിച്ചിരിക്കണം. അല്ലെങ്കിൽ, കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50% മാർക്കോടെ പാസ്സായിരിക്കണം. അല്ലെങ്കിൽ പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസ്സായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ. ഇതിനു പുറമെ **NATA** (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിൽ **40% സ്കോർ (200ൽ 80 മാർക്ക്)** നേടിയിരിക്കണം. ആർക്കിടെക്ച്ചർ കോഴ്സിന് അപേക്ഷിക്കുന്ന സംവരണ പരിധിയിൽ വരുന്ന വിദ്യാർത്ഥികളും **(SC/ST/SEBC) NATAയിൽ 40% സ്കോർ** നേടിയിരിക്കണം. (കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ (COA) നിബന്ധന പ്രകാരം)

NATA പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങിയ ബ്രോഷറും അപേക്ഷാ ഫാറവും **www.nata.in**, **www.niasa.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ, **കോളേജ് ഓഫ് എൻജിനീയറിംഗ്, ശ്രീകാര്യം, തിരുവനന്തപുരം; ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ്, തൃശൂർ; ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം; എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ് കുറ്റിപ്പുറം, മലപ്പുറം; ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ച്ചർ, ചേലമ്പ്ര, മലപ്പുറം** എന്നീ കോളേജുകളുമായി ബന്ധപ്പെടാവുന്നതാണ്.

യോഗ്യതാ പരീക്ഷയുടെ (പ്ലസ് ടു/തത്തുല്യം) മാർക്കിനും NATA യുടെ സ്കോറിനും തുല്യപ്രാധാന്യം നൽകിയാണ് ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ആയതിനാൽ ആർക്കിടെക്ച്ചർ കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റേയും, NATA സ്കോർ കാർഡിന്റേയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **31.05.2011** ന് മുൻപായി നൽകിയിരിക്കണം. ഇവ നൽകാത്തവരെ യാതൊരു കാരണവശാലും ബി.ആർക്ക്. (ആർക്കിടെക്ച്ചർ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം
24.01.2011

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**